"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഹോമിയോപ്പതി വകുപ്പ് - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി -അറ്റൻഡർ തസ്തികയിൽ സേവനമനുഷ്ഠിച്ച വരവെ അന്തരിച്ച പുഷ്കരൻ പി.ബി.-യുടെ മകൾ കുമാരി പൂജാ ബി. പുഷ്കരന് വനം വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിമയനം നൽകുന്നതിന് - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(കൈ) നം.20/2024/AYUSH തീയതി, തിരുവനന്തപുരം, 29-08-2024

---

പരാമർശം:-

(1) സ.ഉ.(പി) നം.12/99/ഉഭപവ തീയതി 24/05/1999.

(2) സ.ഉ.(പി) നം.33/2014/ഉഭപവ തീയതി 26/09/2014.

(3) കുമാരി പൂജാ ബി. പുഷ്കരന്റെ 06/04/2019-ലെ അപേക്ഷ.

(4) ആലപ്പുഴ ജില്ലാ കളക്ടറുടെ 11/03/2020-ലെ ഡിസിഎഎൽപി/11952/2019-എ7 - നമ്പർ കത്ത്.

(5) ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 14/10/2020-ലെ ഡിഎച്ച്ടിവിഎം/877/2020-ഇഎ2 - നമ്പർ കത്ത്.

(6) കുമാരി പൂജാ ബി. പുഷ്കരന്റെ 01/01/2024-ലെ സമ്മതപത്രം.

(7) പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പിന്റെ 31/07/2024-ലെ എസ്.ഡി.2/281/2024-പൊ.ഭ.വ. - നമ്പർ കത്ത്.

**ഉത്തരവ്**

ഹോമിയോപ്പതി വകുപ്പിന് കീഴിൽ ആലപ്പുഴ ജില്ലയിൽ കോടന്തുരുത്ത് സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ അറ്റൻഡറായി സേവനമനുഷ്ഠിച്ചുവരവെ അന്തരിച്ച പുഷ്കരൻ പി.ബി.-യുടെ ആശ്രിതയായ മകൾ കുമാരി പൂജാ ബി. പുഷ്കരന് ക്ലാർക്ക് തസ്തികയിലേയ്ക്ക് നിയമനം ലഭിക്കുന്നതിനായി പരാമർശം-(3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷയിന്മേൽ പരാമർശം-(4), (5) എന്നിവ പ്രകാരം യഥാക്രമം ആലപ്പുഴ ജില്ലാ കളക്ടറും, ഹോമിയോപ്പതി വകുപ്പ് മേധാവിയും അപേക്ഷകയ്ക്ക് ആശ്രിത നിയമനം നൽകുന്നതിന് ശിപാർശ ചെയ്തിരുന്നു. എന്നാൽ, ക്ലാർക്ക് തസ്തികയിൽ നിയമനത്തിനായി പരാമർശം-(3) പ്രകാരം അപേക്ഷ നൽകിയിട്ടും നാളിതുവരെ നിയമനം ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, നിലവിൽ വനം വകുപ്പിൽ ഒഴിവുള്ള ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിയമനം ലഭിക്കുന്നതിന് പരാർമശം-(6) പ്രകാരം അപേക്ഷക സമ്മതപത്രം ലഭ്യമാക്കുകയും, അത്തരത്തിൽ നിയമനം ലഭ്യമാക്കുന്നതിനായി ടിയാളുടെ പ്രൊഫോർമ ഡീറ്റെയിൽസ് പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പിന് നൽകുകയും ചെയ്തിരുന്നു.

(2) ആശ്രിത നിയമന പദ്ധതി പ്രകാരം ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിയമനം നൽകുന്നതിനായി വനം വകുപ്പിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുള്ള 42 ഒഴിവുകളിൽ 12 എണ്ണം നിയമന ശിപാർശ നൽകി നികത്തിയിട്ടുണ്ടെന്നും, ബാക്കിയുള്ള 30 ഒഴിവുകളിൽ ഒരെണ്ണം കുമാരി പൂജാ ബി. പുഷ്കരന് അനുവദിച്ച് നൽകാവുന്നതാണെന്നും, പ്രസ്തുത നിയമനത്തിനുള്ള അനുമതി ഉത്തരവ് മാതൃവകുപ്പ് നൽകുന്നതാണെന്നും പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ് പരാർമശം-(7) പ്രകാരം അഡീഷണൽ പ്രിൻസിപ്പിൽ ചീഫ് ഫോറസ്റ്റ്

കൺസർവേറ്റർ (ഭരണം)-നെ അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, കുമാരി പൂജാ ബി. പുഷ്കരന് (നെമ്പാട്ട് വീട്, പട്ടണക്കാട് പി.ഒ., ചേർത്തല, ആലപ്പുഴ-688531) പരാർമശം-(7) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ള ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ ഒഴിവിൽ വനം വകുപ്പിൽ എറണാകുളം ജില്ലയിൽ നിയമനം നൽകുന്നതിന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം-ന് അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. കുമാരി പൂജാ ബി. പുഷ്കരന് നിയമനം നൽകുന്നത് സംബന്ധിച്ചുള്ള തുടർനടപടികൾ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം സ്വീകരിക്കേണ്ടതാണ്.

(3) കുമാരി പൂജാ ബി. പുഷ്കരന്റെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള അസൽ രേഖകൾ പരിശോധിച്ച് ശരിയാണെന്നുറപ്പുവരുത്തി, നിയമനാധികാരി, ടിയാൾക്ക് നിയമന ഉത്തരവ് നൽകുന്നതാണ്. സർക്കാർ സർവ്വീസിലുള്ള സിവിൽ സർജനിൽ കുറയാത്ത റാങ്കിലുള്ള മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്, സമീപകാലത്ത് എടുത്തതും, സംസ്ഥാന സർക്കാരിലെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ പാസ്പോർട്ട് സൈസ് ഫോട്ടോകൾ എന്നിവ ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് അപേക്ഷക ഹാജരാക്കേണ്ടതാണ്. പരാമർശം-(2) ലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുവേണം അപേക്ഷകയുടെ സീനിയോറിറ്റി നിശ്ചയിക്കേണ്ടത്.

(4) കുമാരി പൂജാ ബി. പുഷ്കരന്റെ ആശ്രിത നിയമനം സംബന്ധിച്ച വിവരങ്ങൾ മരണപ്പെട്ട ജീവനക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തുന്നതിനുള്ള തുടർനടപടികൾ നിയമനാധികാരി സ്വീകരിക്കേണ്ടതാണ്. അപേക്ഷക വസ്തുനിഷ്ഠമായ യാഥാർത്ഥ്യം മറച്ചുവച്ചതായോ, തെറ്റായ വിവരം ലഭ്യമാക്കിയതായോ വകുപ്പുതല അന്വേഷണം നടത്തുന്ന സമയത്ത് സർക്കാർ കണ്ടെത്തുകയാണെങ്കിലോ അല്ലെങ്കിൽ ഉത്തരവ് പുറപ്പെടുവിച്ചതിൽ തെറ്റുപറ്റിയെന്ന് പിന്നീട് കാണുകയാണെങ്കിലോ സാമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നൽകിയ നിയമനം റദ്ദ് ചെയ്യുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SEEMA S
ജോയിന്റ് സെക്രട്ടറി

1. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം.
2. ഹോമിയോപ്പതി വകുപ്പ് മേധാവി, തിരുവനന്തപുരം.
3. കുമാരി പൂജാ ബി. പുഷ്കരൻ, നെമ്പാട്ട് വീട്, പട്ടണക്കാട് പി.ഒ., ചേർത്തല, ആലപ്പുഴ - 688531).
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
5. പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ്. (പരാമർശം-(7) പ്രകാരം അറിവിലേയ്ക്കായി)
6. വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.(പ്രസിദ്ധീകരണത്തിന്)
7. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്. (AYU-C2/222/2023-AYUSH )

ഉത്തരവിൻ പ്രകാരം,

Signed by
Pradeep R S
Date: 29-08-2024 16:28:13

സെക്ഷൻ ഓഫീസർ.